# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:232 14.12.2015 - ൽ മറുപടിക്ക്

## വിദ്യാലയങ്ങളിലെ കുടിവെള്ളത്തിന്റെ ശുദ്ധി

**ചോദ്യം**

ശ്രീ.കെ.എം.ഷാജി
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ.എം.ഉമ്മർ
ശ്രീ.പി.ബി. അബ്ദുൾ റസാക്

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കുന്നതിന് സ്കൂളുകളിൽത്തന്നെ പരിശോധനാ ലാബുകൾ ആരംഭിക്കാൻ ജലവിഭവ വകുപ്പിന് ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എ) വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കുന്നതിന് സ്കൂളുകളിൽ തന്നെ പരിശോധന ലാബുകൾ നിലവിൽ ആരംഭിച്ചിട്ടില്ല. എന്നാൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബുകൾ പ്രയോജനപ്പെടുത്തി കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകളുടെ ജലഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിവിധ ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനവും ഫീൽഡ് ടെസ്റ്റ് കിറ്റും സൗജന്യമായി നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പരിശീലനം നേടുന്നവർ അതാത് സ്കൂൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളുടെ ജലഗുണനിലവാരം പരിശോധിക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിയ്ക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുവാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

(ബി) കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് കുട്ടികൾക്ക് സി.സി.ഡി.യു.വിന്റെ നേതൃത്വത്തിൽ പരിശീലന പരിപാടി നൽകി വരുന്നു. ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിൽ നിന്നും 100 സ്കൂളുകളെ തിരഞ്ഞെടുത്തതിൽ 50 സ്കൂളുകളിൽ ഏകദിന പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും തുടർ പരിശീലന പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (സി) | എല്ലാ വിദ്യാലയങ്ങളിലും ശുദ്ധമായ കുടിവെള്ളം മുടക്കമില്ലാതെ ലഭ്യമാക്കുവാൻ പദ്ധതിയുണ്ടോ; ജലശുദ്ധീകരണത്തിനുള്ള ലഘു പദ്ധതികളിൽ വിദ്യാർത്ഥികൾക്കു പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ കുടിവെള്ളം ലഭ്യമല്ലാത്ത സ്കൂളുകളിൽ സമീപത്തുള്ള കേരള ജല അതോറിറ്റി കുടിവെള്ള പദ്ധതികളിൽ നിന്നും ജല ലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജല ശുദ്ധീകരണത്തിന് ലഘു പദ്ധതികളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുവാൻ നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ